## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6387 — 11.07.2012-ൽ മറുപടിക്ക്

## ജനറിക് മെഡിസിൻ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.എ.ബേബി | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിലെത്തുന്ന എല്ലാ രോഗികൾക്കും സൗജന്യ ജനറിക് മെഡിസിൻ വിതരണം ചെയ്യുന്നതിനാവശ്യമായ തുകയിൽ ഒരു ശതമാനം ബിവറേജസ് കോർപ്പറേഷൻ മുഖേന സെസ് ഇനത്തിൽ വകയിരുത്താമെന്ന പ്രഖ്യാപനം എന്നു മുതലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ; | (എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ, 30.06.2012-ലെ ജി.ഒ. (എം.എസ്.). 200/2012/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം, സൗജന്യ ജനറിക് മെഡിസിൻ വിതരണം ചെയ്യുന്നതിനാവശ്യമായ തുക സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ വില്പനയിൽ ഒരു ശതമാനം സെസ് ചുമത്തി ഈടാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) മുൻവർഷങ്ങളിലെ വില്പനയെ അടിസ്ഥാനപ്പെടുത്തി സെസ് ഇനത്തിൽ പ്രതിവർഷം എത്ര കോടി രൂപ സമാഹരിക്കാൻ സാധ്യമാകുമെന്ന് വെളിപ്പെടുത്തുമോ; | (ബി) ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെയും ബിയറിന്റേയും വിൽപ്പനയിൽ 1% സെസ് ഏർപ്പെടുത്തിയാൽ, ഇപ്പോഴുള്ള വിൽപ്പനയുടെ തോതനുസരിച്ച്, 41 കോടി രൂപ പ്രതിവർഷം സെസ് ഇനത്തിൽ സമാഹരിക്കാൻ കഴിയും. |
| (സി) ഒരു ശതമാനം സെസ് ഏർപ്പെടുത്തുന്നതിലൂടെ എന്തു തുക സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത തുക പൂർണ്ണമായും സൗജന്യ മരുന്നു പദ്ധതിക്ക് കൈമാറുമോ; | (സി) ഒരു ശതമാനം സെസ് ഏർപ്പെടുത്തിയാൽ, 41 കോടി രൂപ സമാഹരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത തുക പൂർണ്ണമായും സൗജന്യ മരുന്നു പദ്ധതിയ്ക്കായി കൈമാറുന്നതാണ്. |
| (ഡി) ഒരു ശതമാനം സെസ് ഏർപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

6387

# കേരള സർക്കാർ

## (സംഗ്രഹം)

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സർക്കാർ ആശുപത്രികളിലെ എല്ലാ വിഭാഗം രോഗികൾക്കും സൌജന്യ ജനറിക് മെഡിസിൻ വിതരണം - ബിവറേജസ് കോർപ്പറേഷനിൽ നിന്നും സെസ്സ് ഇനത്തിൽ ഈടാക്കാൻ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (ജെ) വകുപ്പ്**

സ.ഉ (കൈ) നം. 200/2012/ആ.കു.വ തീയതി, തിരുവനന്തപുരം, 30/06/2012

---

പരാമർശം: സ.ഉ (കൈ) നം. 170/2012/ആ.കു.വ തീയതി 07/06/2012

**<u>ഉത്തരവ്</u>**

മേൽ പരാമർശപ്രകാരം സർക്കാർ ആശുപത്രികളിലെ എല്ലാ വിഭാഗം രോഗികൾക്കും (ആദായനികുതി അടക്കുന്നവർ ഒഴികെ) സൌജന്യ ജനറിക് മെഡിസിൻ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ തുക സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ വിൽപ്പനയിൽ 1% സെസ്സ് ചുമത്തി ഈടാക്കുവാൻ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻപ്രകാരം)**
**രാജീവ് സദാനന്ദൻ**
**പ്രിൻസിപ്പൽ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
നികുതി വകുപ്പ് / ധനകാര്യവകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 1831 തീയതി 18/06/2012)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

SO

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ